# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3352** **16.12.2015 ൽ മറുപടിയ്ക്ക്**

## റബ്ബർ കർഷകരെ സഹായിക്കൽ

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.കെ.കെ. നാരായണൻ :** | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) റബ്ബർ കർഷകരെ സഹായിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി കർഷകർക്ക് എത്ര രൂപ ലഭ്യമായിട്ടുണ്ടെന്ന് പദ്ധതി തിരിച്ച് വിശദമാക്കുമോ? | (എ) റബ്ബർ കർഷകരെ സഹായിക്കുന്നതിന് സ.ഉ (എം.എസ്)56/2014/കൃഷി തീയതി 25.02.2014 പ്രകാരം വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം സംഭരണ ഏജൻസികളായ റബ്ബർ മാർക്കിനും മാർക്കറ്റ്ഫെഡിനും കൈകാര്യച്ചെലവിനായി 4 കോടി രൂപ 2013-14 ൽ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. ഇതിനു പുറമെ റബ്ബർ സംഭരണത്തിനായി, 2014-15 ൽ സംഭരണ ഏജൻസികളായ റബ്ബർമാർക്കിനും മാർക്കറ്റ്ഫെഡിനുമായി 12 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br>റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം 10.12.2015 വരെ 46.30 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**